# ഗ്രന്ഥകാരന്മാരും കൃതികളും

## ചെറുശ്ശേരി (15-ാം നൂറ്റാണ്ട്)

എ.ഡി. 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാകവി. എ.ഡി. 1445 - 75 കാലത്ത് കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. കവിതാവാസനയും പാണ്ഡിത്യവും ഭാവനാസമ്പത്തും ഒത്തിണങ്ങിയ കവി. കൃഷ്ണഗാഥയാണ് പ്രധാന കൃതി. ഭക്തി, ഫലിതം, ശൃംഗാരം ഇവയാണ് കൃഷ്ണഗാഥയിൽ നിറഞ്ഞുനിൽക്കുന്നത്.

## എഴുത്തച്ഛൻ (16-ാം നൂറ്റാണ്ട്)

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്ന് പൂർണനാമധേയം. എ.ഡി. 16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. ഉത്തരകേരളത്തിലെ പഴയ പൊന്നാനി താലൂക്കിൽ തിരൂരിനടുത്ത് തൃക്കണ്ടിയൂരിലെ തുഞ്ചൻപറമ്പാണ് ജന്മസ്ഥലം. കിളിപ്പാട്ടിനെ ഭാഷയിൽ ഒരു കാവ്യപ്രസ്ഥാനമാക്കി വികസിപ്പിച്ചു. ഭക്തിപ്രസ്ഥാനത്തിന്റെ കേരളത്തിലെ മുഖ്യപ്രയോക്താവ്. അധ്യാത്മരാമായണം, ശ്രീമഹാഭാരതം, ശ്രീമഹാഭാഗവതം എന്നീ കിളിപ്പാട്ടുകളും ചിന്താരത്നം, ഹരിനാമ കീർത്തനം എന്നിവയും പ്രധാന കൃതികൾ.

## കുഞ്ചൻനമ്പ്യാർ (18-ാം നൂറ്റാണ്ട്)

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവി. പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശി മംഗലത്ത് കലക്കത്ത് ഭവനത്തിലാണ് ജനനം. തുള്ളൽ എന്ന കലാരൂപത്തിന് വേണ്ടത്ര പരിഷ്കാരവും അംഗീകാരവും നേടിക്കൊടുത്തു. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു വിഭാഗം തുള്ളലുകളിലായി ഒട്ടനവധി കൃതികൾ രചിച്ചു. കല്യാണസൗഗന്ധികം, കിരാതം, ഘോഷയാത്ര, ബാലിവിജയം, സ്യമന്തകം, കാർത്തവീര്യാർജുനവിജയം, ത്രിപുരദഹനം തുടങ്ങിയവ പ്രധാനപ്പെട്ടവ. ശ്രീകൃഷ്ണചരിതം മണിപ്രവാളം പഞ്ചതന്ത്രം കിളിപ്പാട്ട് മുതലായവയും ശ്രദ്ധേയമായ കൃതികൾ. സാമൂഹികവിമർശനം, നിശിതമായ ഫലിതപരിഹാസങ്ങൾ, കേരളീയത, സാധാരണക്കാരന്റെ ഭാഷ, നാടൻ ചൊല്ലുകൾ, ലോകോക്തികൾ ഇവ നമ്പ്യാർക്കവിതകളുടെ മുഖമുദ്രകൾ. ജനകീയ കവി, കവിതയെ ചാട്ടവാറാക്കിയ പടയണിക്കവി എന്നൊക്കെയുള്ള വിശേഷണങ്ങളും നമ്പ്യാർക്കുണ്ട്.

## ഉണ്ണായിവാരിയർ (*18*-ാം നൂറ്റാണ്ട്)

തൃശ്ശൂർ ജില്ലയിൽ ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിനു സമീപമാണ് ജന്മസ്ഥലം എന്നു വിശ്വസിക്കപ്പെടുന്നു. ജീവിതകാലത്തെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങളാണ് ഗവേഷകർക്കിടയിലുള്ളത്. കുഞ്ചൻ നമ്പ്യാരുടെ സമകാലികനായിരുന്നു വാരിയർ എന്നു വിശ്വസിക്കപ്പെടുന്നു. നളചരിതം ആട്ടക്കഥയുടെ കർത്താവ് എന്ന നിലയിലാണ് ഉണ്ണായിവാരിയർ പ്രശസ്തനായത്. നാടകീയതയും സംഘർഷവും മുറ്റിനിൽക്കുന്ന കൃതിയാണ് നളചരിതം. സാഹിത്യഗുണംകൊണ്ടും സംഗീത മാധുര്യംകൊണ്ടും നളചരിതം ഉന്നതനിലവാരം പുലർത്തുന്നു. പാത്രസൃഷ്ടിയിലെ മികവാണ് ഈ കൃതിയുടെ മറ്റൊരു സവിശേഷത.

## എൻ. കുമാരനാശാൻ *(1873 - 1924)*

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിലുള്ള കായിക്കര ഗ്രാമത്തിൽ ജനിച്ചു. ശ്രീനാരായണ ഗുരുവിന്റെ പ്രധാന ശിഷ്യൻ. എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയായി പ്രവർത്തിച്ചു. ബാംഗ്ലൂരിലും മദ്രാസിലും കൽക്കട്ടയിലും ഉപരിപഠനം നടത്തി. 1907ൽ പ്രസിദ്ധീകരിച്ച 'വീണപൂവ്' മലയാള കവിതയിൽ ഒരു പുതുയുഗത്തിന് ആരംഭം കുറിച്ചു. നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ തുടങ്ങിയ ഖണ്ഡകാവ്യങ്ങളും ധാരാളം ഭാവഗീതങ്ങളും ബാലകവിതകളും രചിച്ചിട്ടുണ്ട്. അതേവരെ നിലനിന്ന കാവ്യരീതിക്കു മാറ്റം വരുത്തി തനതായ ഒരു ശൈലിക്ക് രൂപംകൊടുത്തു. മലയാള കവിതയിൽ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ചവരിൽ പ്രമുഖൻ.

## ഉള്ളൂർ എസ്. പരമേശ്വരയ്യർ *(1877-1949)*

ചങ്ങനാശ്ശേരിയിൽ ജനനം. കേരളവർമപ്രസ്ഥാനത്തിന്റെ പ്രമുഖ വക്താവ്. അലങ്കാരപൂർണവും പണ്ഡിതോചിതവുമായ ഒരു കാവ്യശൈലിയുടെ ഉടമ. ഭാവഗീതങ്ങളുടെ ലയവും വികാരോഷ്മളതയും സാരള്യവും കവിതകളുടെ പ്രത്യേകത. ലളിത ശൈലിയിലുള്ള ബാലകവിതകളും ഉമാകേരളം എന്ന മഹാകാവ്യവും നിരവധി ഖണ്ഡകാവ്യങ്ങളും ഗവേഷണ ലേഖനങ്ങളും ഉള്ളൂർ രചിച്ചിട്ടുണ്ട്. അഞ്ചു വാല്യങ്ങളിൽ രചിച്ച 'കേരളസാഹിത്യചരിത്രം' ശ്രദ്ധേയമാണ്. കർണഭൂഷണം, പിംഗള, ഭക്തിദീപിക (ഖണ്ഡകാവ്യങ്ങൾ) കിരണാവലി, താരഹാരം, തരംഗിണി, അമൃതധാര, കല്പശാഖി (കവിതാസമാഹാരങ്ങൾ) തുടങ്ങിയവ പ്രധാന കൃതികൾ.

## വള്ളത്തോൾ നാരായണ മേനോൻ *(1878 - 1958)*

മലബാറിലെ വെട്ടത്തുനാട്ടിൽ ചേന്നര വള്ളത്തോൾ വീട്ടിൽ ജനിച്ചു. ദേശീയബോധത്തിന്റെ ആവിഷ്കർത്താവ്, പ്രകൃതിസൗന്ദര്യഗായകൻ എന്നീ നിലകളിൽ പ്രസിദ്ധി നേടിയിട്ടുണ്ട്. പ്രതിപാദ്യത്തിൽ വൈവിധ്യവും പ്രതിപാദനത്തിൽ വൈചിത്ര്യവും പുലർത്തിക്കൊണ്ട് ഭാവഗീതങ്ങൾ മുതൽ മഹാകാവ്യം വരെ രചിച്ച് മലയാള കവിതയെ സമ്പുഷ്ടമാക്കി. വാല്മീകിരാമായണം, ഋഗ്വേദം, ഭാസന്റെയും കാളിദാസന്റെയും നാടകങ്ങൾ തുടങ്ങി ധാരാളം കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു.

ബന്ധനസ്ഥനായ അനിരുദ്ധൻ, മഗ്ദലനമറിയം, ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ; ചിത്രയോഗം മഹാകാവ്യം, സാഹിത്യമഞ്ജരിയെന്നപേരിൽ പതിനൊന്നു കവിതാസമാഹാരങ്ങൾ ഇവയൊക്കെയാണ് വള്ളത്തോളിന്റെ പ്രധാന കൃതികൾ. കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിലും കഥകളി പ്രസ്ഥാനത്തിന് പ്രചുര പ്രചാരം നേടിക്കൊടുക്കുന്നതിലും പ്രധാന പങ്കുവഹിച്ചു. പത്മഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്.

### സ്വദേശാഭിമാനി രാമകൃഷ്ണപിള്ള *(1878 - 1916)*

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. സ്വദേശത്തെയും മാതൃഭാഷയെയും അകമഴിഞ്ഞ് സ്നേഹിച്ചു. മലയാള ഭാഷയുടെ വളർച്ചയ്ക്കുവേണ്ടി കഠിനമായി യത്നിച്ചു. പത്രപ്രവർത്തനത്തിലൂടെ നല്ല ഒരു ഗദ്യ ശൈലി വളർത്തിയെടുത്തു. പുസ്തകനിരൂപണം നടത്തുകയും ധാരാളം നല്ല പുസ്തകങ്ങൾ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. കൃഷിശാസ്ത്രം, അങ്കഗണിതം, ക്ഷേത്രഗണിത സാധനപാഠങ്ങൾ, ഭൂവിവരണ ചോദ്യങ്ങൾ, സോക്രട്ടീസ്, ബാലബോധിനി തുടങ്ങി നിരവധി കൃതികൾ രചിച്ചു. സ്വതന്ത്രവും നിർഭയവുമായി പത്രപ്രവർത്തനം നടത്തിയതിനാൽ അന്നത്തെ തിരുവിതാംകൂർ ഭരണകൂടം അദ്ദേഹത്തെ 1910ൽ നാടുകടത്തി. എന്റെ നാടുകടത്തൽ, വൃത്താന്ത പത്രപ്രവർത്തനം എന്നീ പുസ്തകങ്ങൾ ഏറെ ശ്രദ്ധേയമാണ്.

### ജി. ശങ്കരക്കുറുപ്പ് *(1901 - 1978)*

എറണാകുളം ജില്ലയിലെ കാലടിക്കടുത്ത് നായത്തോട് എന്ന ഗ്രാമത്തിൽ ജനിച്ചു. ജ്ഞാനപീഠം പുരസ്കാരം നേടിയ ആദ്യ സാഹിത്യകാരൻ. പ്രകൃതിഗായകനെന്നും സിംബോളിക് കവി എന്നും ഇദ്ദേഹത്തെ നിരൂപകന്മാർ വിശേഷിപ്പിക്കുന്നു. വിശ്വദർശനം, സാഹിത്യകൗതുകം (4 ഭാഗങ്ങൾ), സൂര്യകാന്തി, നവാതിഥി, നിമിഷം, ഇതളുകൾ, ഓടക്കുഴൽ, ജീവനസംഗീതം തുടങ്ങിയ കവിതാസമാഹാരങ്ങളും സന്ധ്യ, ഇരുട്ടിനുമുമ്പ് എന്നീ നാടകങ്ങളും രാജനന്ദിനി, ഹരിശ്ചന്ദ്രൻ എന്നീ കഥകളും ടിപ്പു, ഹൈദരാലി തുടങ്ങിയ ജീവചരിത്രങ്ങളും ജി. രചിച്ചിട്ടുണ്ട്. ഇളംചുണ്ടുകൾ, ഓലപ്പീപ്പി, കാറ്റേ വാ കടലേ വാ തുടങ്ങിയ ബാലകവിതാ സമാഹാരങ്ങളും ജി.യുടെ സംഭാവനകളാണ്. കാവ്യാത്മകമായ ഗദ്യലേഖനങ്ങളും ജി.രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടി. പത്മഭൂഷൺ ബഹുമതി ലഭിച്ചു.

### ജോസഫ് മുണ്ടശ്ശേരി *(1903 - 1977)*

തൃശൂരിലെ കണ്ടശ്ശാങ്കടവിൽ ജനിച്ചു. കേരളത്തിന്റെ സാംസ്ക്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ ഉജ്ജ്വലമായ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞ ചിന്തകന്മാരിൽ പ്രമുഖനാണ്. സാഹിത്യവിമർശകൻ, അധ്യാപകൻ, വാഗ്മി, വിദ്യാഭ്യാസ വിചക്ഷണൻ, വിദ്യാഭ്യാസ മന്ത്രി എന്നിങ്ങനെ ബഹുമുഖ വ്യക്തിത്വത്തിനുടമ. ഭാരതീയവും പാശ്ചാത്യവുമായ കാവ്യമീമാംസകളെ ഔചിത്യപൂർവം സമന്വയിച്ചുകൊണ്ടുള്ള ഉന്മേഷകരമായ ഒരു നിരൂപണ പദ്ധതിയാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. മാനദണ്ഡം, കാവ്യപീഠിക, മാറ്റൊലി, കരിന്തിരി, പ്രയാണം, നാടകാന്തം കവിത്വം, രൂപഭദ്രത, മനുഷ്യകഥാനുഗായികൾ, വായനശാലയിൽ തുടങ്ങിയ നിരൂപണ ഗ്രന്ഥങ്ങളും പ്രൊഫസർ, കൊന്തയിൽനിന്നു കുരിശിലേക്ക്, പാറപ്പുറത്തു വിതച്ച വിത്ത് എന്നീ നോവലുകളും കൊഴിഞ്ഞ ഇലകൾ എന്ന ആത്മകഥയും പ്രധാന കൃതികൾ.

### ഇടശ്ശേരി ഗോവിന്ദൻ നായർ *(1906 - 1974)*

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ജനനം. കാർഷിക സംസ്കാരത്തിന്റെയും ഗ്രാമീണ ജീവിതത്തിന്റെയും പുരാവൃത്തങ്ങളുടെയും ഉൾത്തുടിപ്പുകൾ ഉൾക്കൊണ്ടവയാണ് രചനകളിലധികവും. പുത്തൻ കലവും അരിവാളും, കുങ്കുമപ്രഭാതം, കാവിലെ പാട്ട്, ഒരു പിടി നെല്ലിക്ക, അളകാവലി, കറുത്തചെട്ടിച്ചികൾ തുടങ്ങിയ കവിതാസമാഹാരങ്ങളും കൂട്ടുകൃഷി എന്ന പ്രസിദ്ധമായ നാടകവും രചിച്ചു. കേരള സാഹിത്യ അക്കാദമിയുടെയും കേന്ദ്ര സാഹിത്യഅക്കാദമിയുടെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### എം.ആർ.ബി. *(1909-2001)*

എം.രാമൻ ഭട്ടതിരിപ്പാട് മലപ്പുറം ജില്ലയിൽ പഴയ പൊന്നാനി താലൂക്കിലെ വന്നേരിമുല്ലമംഗലത്തു മനയ്ക്കൽ ജനിച്ചു. സാഹിത്യകാരൻ, സാമൂഹ്യപരിഷ്ക്കർത്താവ്, പത്രപ്രവർത്തകൻ, എന്നീ നിലകളിൽ പ്രശസ്തൻ. നാടകം, കവിത, ഉപന്യാസം എന്നീ രംഗങ്ങളിൽ മികച്ച സംഭാവന നൽകിയിട്ടുണ്ട്. മറക്കുടയ്ക്കുള്ളിലെ മഹാനരകം, വാൽക്കണ്ണാടി, മുഖച്ഛായ, മുളപൊട്ടിയ വിത്തുകൾ, സുവർണഛായകൾ, വളപ്പൊട്ടുകൾ, താമരയിതളുകൾ, എം.ആർ.ബി.യുടെ ഉപന്യാസങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ.

### വൈലോപ്പിള്ളി ശ്രീധരമേനോൻ *(1911- 1985)*

എറണാകുളം ജില്ലയിൽ കലൂരിൽ ജനിച്ചു. കേരള പ്രകൃതിയെയും കേരളീയ ജീവിതത്തെയും കവിതകളിൽ പകർത്തി. കഥാകവിതകളും ഭാവസാന്ദ്രമായ കവിതകളും രചിച്ചു. കുട്ടികൾക്കായി രചിച്ച കവിതകളും ശ്രദ്ധേയമാണ്. അധ്യാപകനായി സേവനമനുഷ്ഠിച്ചു. കയ്പവല്ലരി, കടൽകാക്കകൾ, കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, ശ്രീരേഖ, വിത്തും കൈക്കോട്ടും, ഓണപ്പാട്ടുകാർ, വിട, കുടിയൊഴിക്കൽ, കുന്നിമണികൾ ഇവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകളും നേടിയിട്ടുണ്ട്.

### തിക്കോടിയൻ *(1916 - 2003)*

കോഴിക്കോട് ജില്ലയിൽ തിക്കോടി എന്ന സ്ഥലത്തു ജനിച്ചു. കുഞ്ഞനന്തൻ നായർ എന്ന് പേര്. ആദ്യകാ

ലത്ത് ഹാസ്യകഥകളും ഹാസ്യലേഖനങ്ങളും എഴുതി. ആനന്ദ് എന്ന തൂലികാനാമത്തിലും എഴുതിയിട്ടുണ്ട്. നാട കകൃത്ത് എന്ന നിലയിൽ ഏറെ പ്രശസ്തി നേടി.

ജീവിതം, കന്യാദാനം, പുഷ്പവൃഷ്ടി, രാജമാർഗം, ഒരേ കുടുംബം, കർഷകന്റെ കിരീടം തുടങ്ങി നിരവധി കൃതി കൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## എസ്. ഗുപ്തൻനായർ

1919ൽ ആലപ്പുഴ ജില്ലയിലെ കായംകുളത്തിനടുത്ത് കൃഷ്ണപുരത്ത് ജനിച്ച സാഹിത്യ വിമർശകൻ, ചിന്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. അധ്യാപകനായി സേവന മനുഷ്ഠിച്ചു. ആധുനിക സാഹിത്യം, സമാലോചന, കാവ്യ സ്വരൂപം, ക്രാന്തദർശികൾ, തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ തുടങ്ങിയവ പ്രധാന കൃതികൾ. കേരള-കേന്ദ്ര സാഹിത്യ അക്കാദമികളുടെ അവാർഡുകൾക്ക് അർഹനായിട്ടുണ്ട്.

## ആർ.രാമചന്ദ്രൻ

1923ൽ തൃശ്ശൂർ ജില്ലയിലെ താമരത്തിരുത്തിയിൽ ജനി ച്ചു. അധ്യാപകനായിരുന്നു. മലയാള കവിതയിൽ നൂതന പ്രവണതകൾക്ക് തുടക്കം കുറിച്ചു. വളരെ കുറച്ചു കവിത കൾ മാത്രം എഴുതി. ഓരോ കവിതയും പുതിയ കാവ്യാനു ഭവങ്ങൾ പകരുന്നവയായിരുന്നു. മുരളി, സന്ധ്യാനികു ഞ്ജങ്ങൾ, ശ്യാമസുന്ദരി, പിന്നെ എന്തിനീ യാത്രകൾ, ആർ. രാമചന്ദ്രന്റെ കവിതകൾ എന്നിവയാണ് കൃതികൾ. കവി തയ്ക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## ഒളപ്പമണ്ണ *(1923 - 2000)*

ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട് എന്നാണ് പൂർണ നാമധേയം. 1923 ഒക്ടോബർ 1ന് പാലക്കാട് വെള്ളി നേഴിയിൽ ജനിച്ചു. പ്രശസ്തനായ മലയാളകവി. റബ്ബർ വൈഫും മറ്റു കവിതകളും, പാഞ്ചാലി, ഇലത്താളം, സുഫല, ജാലകപ്പക്ഷി, നിഴലാന, നങ്ങേമക്കുട്ടി ഇവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് നേടി യിട്ടുണ്ട്.

## നിത്യചൈതന്യയതി *(1924 - 2002)*

പത്തനംതിട്ട ജില്ലയിലെ വകയാറിൽ ജനിച്ചു. 1949ൽ സന്ന്യാസം സ്വീകരിച്ചു. ലോകത്തിലെ മിക്ക രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. നിരവധി വിദേശ സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസറായിരുന്നു. മൗനമന്ദഹാസം, ഗുരു വരുൾ, ഗുരുവും ശിഷ്യനും, നളിനി എന്ന കാവ്യശില്പം, ഭഗവദ്ഗീതാ സ്വാധ്യായം തുടങ്ങി നിരവധി കൃതികൾ മല യാളത്തിലും ഇംഗ്ലീഷിലും രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## അക്കിത്തം

അക്കിത്തം അച്യുതൻ നമ്പൂതിരി. 1926ൽ പാലക്കാട് ജില്ലയിലെ കുമരനല്ലൂർ അക്കിത്തത്ത് മനയ്ക്കൽ ജനിച്ചു. അരങ്ങേറ്റം, മധുവിധുവിനുശേഷം, പഞ്ചവർണക്കിളി, ഇരു പതാംനൂറ്റാണ്ടിന്റെ ഇതിഹാസം, മനസ്സാക്ഷിയുടെ പൂക്കൾ, ബലിദർശനം, നിമിഷക്ഷേത്രം, ഉപനയനം തുടങ്ങിയ വയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡും കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ലഭി ച്ചിട്ടുണ്ട്.

## സുകുമാർ അഴീക്കോട്

1926-ൽ കണ്ണൂർ ജില്ലയിലെ അഴീക്കോട് എന്ന സ്ഥലത്തു ജനിച്ചു. അധ്യാപകൻ, പ്രഭാഷകൻ, നിരൂപകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. ആശാന്റെ സീതാകാവ്യം, രമണനും മലയാള കവിതയും, മഹാത്മാവിന്റെ മാർഗം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, വായനയുടെ സ്വർഗത്തിൽ, മലയാള സാഹിത്യ വിമർശനം, തത്ത്വമസി, എന്തിന്നു ഭാരതധരേ, അഴീക്കോടിന്റെ ലേഖന ങ്ങൾ എന്നിവ പ്രധാന കൃതികൾ. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവർഡുകൾ ലഭിച്ചിട്ടുണ്ട്.

## എൻ.പി. മുഹമ്മദ് *(1928- 2003)*

മലയാള ചെറുകഥാകൃത്തും നോവലിസ്റ്റും. കോഴി ക്കോട് ഇടിയങ്ങരയിൽ ജനിച്ചു. എം.ടി.വാസുദേവൻ നായ രുമായി ചേർന്നു രചിച്ച 'അറബിപ്പൊന്ന്' ശ്രദ്ധേയമായ കൃതി. കൂടാതെ തൊപ്പിയും തട്ടവും, പ്രസിഡണ്ടിന്റെ ആദ്യത്തെ മരണം, എണ്ണപ്പാടം, മരം, ഹിരണ്യകശിപു, ഗുഹ, മുഹമ്മദിന്റെ ജനനം, ദൈവത്തിന്റെ കണ്ണ്, നല്ലവ രുടെ ലോകം, വാരിയെല്ലുകൾ തുടങ്ങി നിരവധി കൃതിക ളുടെ കർത്താവ്. സാഹിത്യ അക്കാദമി പ്രസിഡണ്ടായിരു ന്നു. കേന്ദ്ര- കേരളസാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്..

## ആറ്റൂർ രവിവർമ

1930ൽ തൃശ്ശൂർ ജില്ലയിൽ തലപ്പള്ളി താലൂക്കിലെ ആറ്റു രിൽ ജനിച്ചു. അധ്യാപകനായിരുന്നു. കവിത, ആറ്റൂർ രവി വർമയുടെ കവിതകൾ എന്നിവയാണ് പ്രധാന കൃതികൾ. ആറ്റൂർ രവിവർമയുടെ കവിതകൾ എന്ന കൃതിക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## എൻ.വി. കൃഷ്ണവാരിയർ(1916-1989)

തൃശൂർ ജില്ലയിലെ ഞെരുവിശ്ശേരിയിൽ ജനിച്ചു. അധ്യാപകൻ, പത്രാധിപർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ബഹുഭാഷാ പണ്ഡിതൻ. വിവിധ വിജ്ഞാനമേഖലകളെക്കു റിച്ച് എഴുതി. മലയാള കവിതയിൽ വ്യത്യസ്തമായ ശൈലിക്ക് തുടക്കം കുറിച്ചവരിൽ ഒരാൾ. വള്ളത്തോളിന്റെ കാവ്യശില്പം ശ്രദ്ധേയമായ നിരൂപണ ഗ്രന്ഥമാണ്. നീണ്ട കവിതകൾ, കുറേക്കൂടി നീണ്ട കവിതകൾ, ഗാന്ധിയും ഗോഡ്സെയും, കാളിദാസന്റെ സിംഹാസനം, കൊച്ചുതൊ മ്മൻ തുടങ്ങിയവ കവിതാസമാഹാരങ്ങൾ. കേന്ദ്ര- കേരളസാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## കെ.പി. ശങ്കരൻ

1939ൽ തൃശൂർ ജില്ലയിലെ പൈങ്കുളത്തു ജനിച്ചു. അധ്യാപകൻ, സാഹിത്യനിരൂപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. കേരള സാഹിത്യ അക്കാദമി അവാർഡു നേടിയിട്ടുണ്ട്. സമീപനം, ഋതുപരിവർത്തനം, നവകം, അനുശീലനം, സംസ്കാരം (വിവർത്തനം) ഇവയാണ് പ്രധാന കൃതികൾ.

## ജി.ശങ്കരപ്പിള്ള *(1930 - 1990)*

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിൽ ജനനം. അധ്യാപകനായി സേവനമനുഷ്ഠിച്ചു. സ്കൂൾ ഓഫ് ഡ്രാമയുടെ സ്ഥാപക ഡയറക്ടർ. മലയാളത്തിൽ ഒരു പുതിയ നാടകാവബോധം രൂപപ്പെടുത്തിയ നാടകകൃത്ത്. നാടോടിപ്പാട്ടുകളെപ്പറ്റി ഗവേഷണം നടത്തി. റയിൽപ്പാളങ്ങൾ, തോറ്റംപാട്ട്, സ്നേഹദൂതൻ, വിവാഹം സ്വർഗത്തിൽ നടക്കുന്നു, ബന്ദി, ധർമക്ഷേത്രേ കുരുക്ഷേത്രേ, മൃഗതൃഷ്ണ തുടങ്ങിയ കൃതികൾ രചിച്ചു. ഒരു കൂട്ടം ഉറുമ്പുകൾ, പ്ലാവിലത്തൊപ്പികൾ എന്നിവ ബാല സാഹിത്യ കൃതികളാണ്. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## ഒ.എൻ.വി. കുറുപ്പ്

1931ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. നാടൻ ശീലുകളോടുള്ള ആഭിമുഖ്യം, ഗാനാത്മകത, ലയഭംഗി, ആശയസമ്പുഷ്ടി എന്നിവ ഒ.എൻ.വി. കവിതകളുടെ സവിശേഷതകൾ. ചലച്ചിത്ര ഗാനരചയിതാവ് എന്ന നിലയിലും ശ്രദ്ധേയനാണ്. ഒരു തുള്ളി വെളിച്ചം, മയിൽപ്പീലി, അഗ്നിശലഭങ്ങൾ, കറുത്ത പക്ഷിയുടെ പാട്ട്, ഉജ്ജയിനി, ഭൂമിക്കൊരു ചരമഗീതം, അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, ഭൈരവന്റെ തുടി, സ്വയംവരം തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു.

## സുഗതകുമാരി

1934ൽ തിരുവനന്തപുരത്തു ജനിച്ചു. സാമൂഹിക പരിഷ്കരണ രംഗത്തും പ്രകൃതി സംരക്ഷണരംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകി. മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി, കാവുതീണ്ടല്ലേ, കുറിഞ്ഞിപ്പൂക്കൾ, കൃഷ്ണകവിതകൾ, രാധയെവിടെ, ദേവദാസി തുടങ്ങിയവ പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു.

## പെരുമ്പടവം ശ്രീധരൻ

1938-ൽ മൂവാറ്റുപുഴ താലൂക്കിലെ പെരുമ്പടവം ഗ്രാമത്തിൽ ജനിച്ചു.പ്രാരംഭത്തിൽ കവിതകളും പിന്നീട് കഥകളും രചിച്ചു. പ്രസിദ്ധ മലയാള നോവലിസ്റ്റ്. അഭയം, അഷ്ടപദി, ഒരു സങ്കീർത്തനം പോലെ, ആയില്യം, മേഘച്ഛായ തുടങ്ങിയവ പ്രധാന നോവലുകൾ. കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## പി. വത്സല

1938ൽ കോഴിക്കോട്ടു ജനിച്ചു. അധ്യാപികയായിരുന്നു. നെല്ല്, നിഴലുറങ്ങുന്ന വഴികൾ, ആഗ്നേയം, അരക്കില്ലം, കൂമൻ കൊല്ലി, വിലാപം, പാളയം (നോവൽ), തിരക്കിൽ അല്പം സമയം, ആനവേട്ടക്കാരൻ, കറുത്ത മഴ പെയ്യുന്ന താഴ്‌വര (കഥകൾ) എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## എം.എം. ബഷീർ

1940-ൽ തിരുവനന്തപുരത്ത് ജനിച്ചു. അധ്യാപകൻ, സാഹിത്യനിരൂപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. കവിതയിലെ ചില പ്രശ്നങ്ങൾ, ആശാന്റെ പണിപ്പുര, സാഹിത്യാലോചന, വേരുകൾ തേടി, അന്വേഷണം, അന്തർധാര, കുമാരനാശാന്റെ രചനാശില്പം തുടങ്ങിയവ പ്രധാന കൃതികൾ.

## അടൂർ ഗോപാലകൃഷ്ണൻ

1941-ൽ പത്തനംതിട്ട ജില്ലയിൽ അടൂരിൽ ജനനം. മലയാള സിനിമയ്ക്ക് അന്താരാഷ്ട്ര രംഗത്ത് അംഗീകാരം നേടിക്കൊടുക്കുന്നതിൽ വലിയ പങ്കു വഹിച്ചു. 1972ലാണ് ആദ്യ കഥാചിത്രമായ സ്വയംവരം സംവിധാനം ചെയ്തത്. ഒൻപത് കഥാചിത്രങ്ങളും ഇരുപതിലധികം ഹ്രസ്വചിത്രങ്ങളും ധാരാളം ഡോക്യുമെന്ററികളും നിർമിച്ചു.

കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിനു തുടക്കംകുറിച്ചു. പത്മശ്രീ ബഹുമതി, ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് തുടങ്ങിയവ ലഭിച്ചു. സ്വയംവരം, കൊടിയേറ്റം, എലിപ്പത്തായം, നിഴൽക്കൂത്ത് തുടങ്ങിയവ ശ്രദ്ധേയമായ ചലച്ചിത്രങ്ങളാണ്.

## സച്ചിദാനന്ദൻ

1946ൽ തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനിച്ചു. ആധുനിക മലയാള കവിതാരംഗത്തെ ശ്രദ്ധേയനായ കവി. ലോകകവിതകൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി. കാവ്യാസ്വാദനത്തിന്റെ പുതിയ മേഖലകൾ തുറന്നു. കാർട്ടൂൺ സ്വഭാവമുള്ള കവിതകളും രചിച്ചിട്ടുണ്ട്. അധ്യാപകനായിരുന്നു. കുരുക്ഷേത്രം, എഴുത്തച്ഛനെഴുതുമ്പോൾ, കവിബുദ്ധൻ, പീഡനകാലം, സംവാദങ്ങൾ, വീടുമാറ്റം, ഇവനെക്കൂടി, മലയാളം, ദേശാടനം തുടങ്ങിയവ പ്രധാന കൃതികൾ. കൂടാതെ ലോകകവിതകളുടെയും ഇന്ത്യൻ കവിതകളുടെയും 13 പരിഭാഷാ സമാഹാരങ്ങൾ പുറത്തിറക്കി. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

✿✿✿✿✿✿